# Prime Minister chairs high level meeting to review Operation Ganga

February 28, 2022

## ഓപ്പറേഷൻ ഗംഗ അവലോകനം ചെയ്യാൻ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു

യുക്രെയിനിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യക്കാരെ തിരികെയെത്തിക്കാനുള്ള ഓപ്പറേഷൻ ഗംഗയുടെ കീഴിൽ നടത്തി വരുന്ന ശ്രമങ്ങൾ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം അവലോകനം ചെയ്തു. അവിടെയുള്ള എല്ലാ ഇന്ത്യൻ പൗരന്മാരും സുരക്ഷിതരാണെന്ന് ഉറപ്പാക്കാൻ മുഴുവൻ ഗവൺമെന്റ് സംവിധാനങ്ങളും 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

തന്റെ പ്രത്യേക ദൂതന്മാരായി നാല് മുതിർന്ന മന്ത്രിമാർ വിവിധ രാജ്യങ്ങളിലേക്കുള്ള സന്ദർശനം ഒഴിപ്പിക്കൽ പ്രവർത്തനങ്ങൾക്ക് ഊർജം പകരുമെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഈ വിഷയത്തിന് ഗവൺമെന്റ് നൽകുന്ന മുൻഗണനയുടെ പ്രതിഫലനമാണിത്.

യുക്രെയ്നിന്റെ അതിർത്തികളിലെ മാനുഷിക സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി ഉക്രെയ്നിലേക്കുള്ള ദുരിതാശ്വാസ സാമഗ്രികളുടെ ആദ്യ ചരക്ക് നാളെ അയക്കുമെന്ന് പ്രധാനമന്ത്രി

യുക്രെയ്നിന്റെ അതിർത്തികളിലെ മാനുഷിക സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി യുക്രെയ്നിലേക്കുള്ള ദുരിതാശ്വാസ സാമഗ്രികളുടെ ആദ്യ കൺസൈന്മെന്റ് നാളെ അയക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

ലോകം ഒരു കുടുംബമെന്ന മുദ്രാവാക്യത്താൽ നയിക്കപ്പെടുന്ന ഇന്ത്യ, യുക്രെയ്നിൽ കുടുങ്ങിപ്പോയ, അയൽരാജ്യങ്ങളിൽ നിന്നും വികസ്വര രാജ്യങ്ങളിൽ നിന്നുമുള്ള സഹായം തേടുന്ന ആളുകളെ സഹായിക്കുമെന്നും പ്രധാനമന്ത്രി പ്രസ്താവിച്ചു.

ന്യൂഡല്ഹി

ഫെബ്രുവരി 28, 2022

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.